ശ്രീ. എൻ. എം. ജോസഫ് : മലപ്പുറം, പത്തനംതിട്ട ജില്ലകളിലാണ് പൂർണ്ണമായും ഇന്ന് ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിൽ വന്നിട്ടുള്ളത്. ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ കൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ നടപ്പാക്കുന്നതിന് വേണ്ട നടപടികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : വന്യമൃഗസംരക്ഷണത്തെ പോലെതന്നെ, ഈ വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങി നാട്ടുകാരുടെ കൃഷിയൊട്ടാകെ നശിപ്പിക്കുന്ന നടപടിയുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും നടപടിയെടുക്കാൻ കഴിയുമോ ?

ശ്രീ. എൻ. എം. ജോസഫ് : കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. വയനാട് ജില്ലയിൽ പ്രത്യേകിച്ചും വന്യമൃഗങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കുന്നതിനുവേണ്ടി കമ്പിവേലികൾ കെട്ടുന്നുണ്ട്. കൊല്ലം ജില്ലയിൽ റോസ്മല ഭാഗത്ത് അതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലോട് ഭാഗത്തും ചില പ്രശ്നങ്ങൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ : പറമ്പിക്കുളം വന്യജീവി സംരക്ഷണ കേന്ദ്രത്തോട് അനുബന്ധിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനം ഇപ്പോൾ ഏത് സ്റ്റേജിൽ എത്തി ; അതിന്റെ പണി വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് ; അത് നോട്ടീസ് വേണം.

(ii) അടിയന്തിര ചോദ്യവും ഉത്തരവും

തൊടുപുഴയാറിന് കുറുകെ പാലം പണിയുന്നതിന് നടപടി

* 7. [2] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ടൗണിലെ തിരക്ക് ഒഴിവാക്കുവാൻ തൊടുപുഴ ആറിന് കുറുകെ പാലം പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എത്ര പുരോഗതി ഉണ്ടായിട്ടുണ്ട് ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) :

(എ ആൻറ് ബി) തൊടുപുഴ ആറിനു കുറുകെ മാരിയിൽകടവിൽ പാലം പണിയുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് ഗവൺമെൻറ് 17-1-1991-ന് ഉത്തരവായിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ് : ഇതിന്റെ അനുമതി കൊടുത്തു കഴിഞ്ഞിട്ടുണ്ടോ ? ഇതിന് എത്ര തുക ചെലവാകും ?

ശ്രീ. ടി. കെ. ഹംസ : 90 സ്പാൻ നീളമുണ്ട് അപ്പ്രോച്ച് റോഡ് ഉൾപ്പെടെ. 55 ലക്ഷം രൂപ ചെലവ് വരുന്നതാണ് ഈ പ്രവർത്തി. ധനകാര്യ വകുപ്പിന്റെ അംഗീകാരം കിട്ടിയ സ്ഥിതിക്ക് ഉടനടി പ്രവർത്തനം ആരംഭിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ് : എന്നത്തേക്ക് അതിന്റെ പണികൾ തുടങ്ങുമെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : അനന്തര നടപടികളൊക്കെ സ്വീകരിക്കേണ്ടതായുണ്ട്. ടെൻഡർകരാർ, ഇത്തരം കാര്യങ്ങളൊക്കെ തീർന്നാൽ ഉടൻ അതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ചോദ്യകർത്താവ് സഭയിൽ ഇല്ല എന്നതിനാൽ ചോദ്യം 204 ഉന്നയിച്ചില്ല.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ (തുടർച്ച)

എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യക്കടലാസ് ചോർച്ച

* 8. [205] ശ്രീ. നാലകത്ത് സൂപ്പി :
,, പി. എം. അബൂബക്കർ :
,, പി. സീതി ഹാജി :
,, ഇ. അഹമ്മദ് :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മാർച്ച് മാസത്തിൽ നടത്തിയ എസ്. എസ്. എൽ. സി. ചോദ്യക്കടലാസ് ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എവിടെയെല്ലാം ഇത് സംബന്ധിച്ച എന്തെങ്കിലും അന്വേഷണം നടത്തിയോ ;

(സി) അന്വേഷണത്തിൽ ഏതെല്ലാം വിഷയങ്ങളുടെ ചോദ്യക്കടലാസുകളാണ് ചോർന്നതായി ശ്രദ്ധയിൽപ്പെട്ടത് ; എവിടെയെല്ലാം ;

(ഡി) ഈ എക്സാമിനേഷൻ നടത്തുവാൻ തീരുമാനം എടുത്തിട്ടുണ്ടോ ?

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ)

(എ, ബി) കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ എഴുകുംവയൽ ഗവൺമെന്റ് ഹൈസ്ക്കൂളിലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ക്രമക്കേടുണ്ടായി എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതേപ്പറ്റി അന്വേഷണം നടത്തി.

(സി) അന്വേഷണത്തിൽ പ്രസ്തുത സ്ക്കൂളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ചരിത്രം എന്നീ വിഷയങ്ങളുടെ ചോദ്യക്കടലാസുകൾ അടങ്ങിയ പാക്കറ്റുകൾ പൊട്ടിച്ച് വീണ്ടും സീൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു.

(ഡി) ഇല്ല.

ശ്രീ. നാലകത്ത് സൂപ്പി : ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ച് അന്വേഷണം നടത്തി അതിന് ഉത്തരവാദികൾ ആരാണ് എന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു ?

ശ്രീ. കെ. ചന്ദ്രശേഖരൻ : ഉത്തരവാദി ആ സ്ക്കൂളിലെ തന്നെ ചീഫ് സൂപ്രണ്ടായ ആ സ്ക്കൂളിലെ ഹെഡ്മാസ്റ്ററാണ് ; ശ്രീ. വി. എൻ. ഗോപാലകൃഷ്ണപിള്ള. അദ്ദേഹത്തിന്റെ മകൻ ചങ്ങനാശ്ശേരി എൻ. എസ്. എസ്. ബോയിസ് ഹൈസ്ക്കൂളിൽ പഠിക്കുന്നുണ്ട്. ആ കുട്ടിക്ക് ഈ ചോദ്യക്കടലാസ് പറഞ്ഞുകൊടുക്കാൻവേണ്ടി തുറന്നിട്ട് അടച്ചുവെച്ചതാണ്. വേറെ ആരേയും അദ്ദേഹം കാണിച്ചിട്ടില്ല. അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. മകന്റെ റിസൾട്ട് വിത്ത് ഹെൽഡ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly